DARUL HUDA ISLAMIC UNIVERSITY

جامعة دار الهدى الإسلامية

(Member: League of the Islamic Universities, Cairo & Federation of the Universities of the Islamic World, Morocco)

Ref.:
MIN/210306/OAA

Date:
Dated: 06/03/2021

## ദാറുൽഹുദാ സെക്കന്ററി ആന്റ് സീനിയർ സെക്കന്ററി എഡ്യുക്കേഷൻ ബോർഡ് മീറ്റിംഗ് റിപ്പോർട്ട്

പുതുതായി രൂപീകരിച്ച സെക്കന്ററി ആന്റ് സീനിയർ സെക്കന്ററി ബോർഡിന്റെ ആദ്യ യോഗം 28-02-2021 ഞായറാഴ്ച ഉച്ചക്ക് 2 മണി മുതൽ 4 മണി വരെ കൂടി. താഴേ പറയുന്ന അംഗങ്ങൾ പങ്കെടുത്തു.

ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
യു. ശാഫി ഹാജി ചെമ്മാട്
ഡോ. അബ്ദുർറഹ്മാൻ അരീകാടൻ
ശാഹുൽഹമീദ് മാസ്റ്റർ മേൽമുറി
പി.കെ ഇബ്രാഹീം കുട്ടി മാസ്റ്റർ
അബ്ദുർറഹീം ചുഴലി
അബ്ദുൽജലീൽ ഹുദവി ബാലയിൽ
ഹാരിസ് ഹുദവി മടപ്പള്ളി
എം. അബ്ദുല്ല ഹുദവി വേങ്ങര
ഡോ. ശരീഫ് ഹുദവി വെങ്ങാട്
ഡോ. സൈനുൽആബിദ് ഹുദവി ചേലേമ്പ്ര
എം.കെ ജാബിറലി ഹുദവി
പി.കെ അബ്ദുന്നാസിർ ഹുദവി

ദാറുൽഹുദാ രജിസ്ട്രാർ എം.കെ ജാബിറലി ഹുദവി സ്വാഗതം ആശംസിച്ചു. വൈസ് ചാൻസലർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി ഉദ്ഘാടനം ചെയ്തു. ദാറുൽഹുദായുടെ കേരള, നിക്സ്, വനിതാ വിഭാഗങ്ങളിലെ സെക്കന്ററി, സീനിയർ സെക്കന്ററി സിലബസ്, പരീക്ഷ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുക, കരിക്കുലം കമ്മറ്റി നിർദേശങ്ങൾ അന്തിമമാക്കുക എന്നതാണ് ബോർഡിന്റെ ഉത്തരവാദിത്വമെന്ന് ബഹു. വി.സി വിശദീകരിച്ചു. ബോർഡ് ഡയറക്ടർ ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ അധ്യക്ഷനായി.

അംഗങ്ങൾ പരസ്പരം പരിചയപ്പെട്ടതിനു ശേഷം അജണ്ടയിൽ വിശദമായ ചർച്ച നടന്നു.

### 1. നിലവിലെ പാഠ്യപദ്ധതി വിലയിരുത്തൽ

നിലവിലെ ദാറുൽഹുദാ സെക്കന്ററി, സീനിയർ സെക്കന്ററി സംവിധാനം രജിസ്ട്രാർ ജാബിറലി ഹുദവി പരിചയപ്പെടുത്തി. ഭൗതിക വിഷയങ്ങളിൽ എൻ.സി.ആർ.ടി, നിയോസ്, എസ്.സി.ആർ.ടി സിലബസ് പിന്തുടരുന്നു. മത വിഷയങ്ങളിലും അറബി ഭാഷാ പഠനത്തിലും അനുയോജ്യമായ പാഠപുസ്തകങ്ങൾ പഠിപ്പിക്കപ്പെടുന്നു. നിയോസ് സെക്കന്ററി പരീക്ഷയും സ്കോൾ കേരള ഹയർ സെക്കന്ററി കോഴ്സും വിദ്യാർഥികൾ ചെയ്യുന്നു. ഏകദേശം 50-ഓളം പാഠപുസ്തകങ്ങൾ ദാറുൽഹുദാ തന്നെയാണ് പ്രസിദ്ധീകരിക്കുന്നത്. കണക്ക് ഒന്നാം തരത്തിലെ പാഠപുസ്തകം എൻ.സി.ആർ.ടി യുടേത് മാറ്റി ദാറുൽഹുദായിൽനിന്ന് തയ്യാറാക്കുന്നതാണെന്നറിയിച്ചപ്പോൾ, കണക്കിലെ പാഠപുസ്തകങ്ങൾ സംഗ്രഹിക്കുന്നതാണ് നല്ലതെന്നും എന്നാൽ തന്നെ കണക്കിന്റെ മുഴുവൻ ഭാഗങ്ങൾ കവർ ചെയ്യാനാവുമെന്നും അബ്ദുൽജലീൽ ഹുദവി ബാലയിൽ നിർദേശിച്ചു.

Hidaya Nagar, Chemmad, P.B.No.: 3, P.O.Tirurangadi, Dt. Malappuram, Kerala, India- 676306
Ph: +91 494 2464502, 2463155, Fax: 2460575, E-Mail: dhiuniversity@gmail.com, mail@dhiu.info, Web: www.darulhuda.com

## 2. കരിക്കുലം കമ്മിറ്റി നിർദേശങ്ങൾ

വിവിധ കരിക്കുലം കമ്മിറ്റികളുടെ നിർദേശങ്ങൾ രജിസ്ട്രാർ അവതരിപ്പിച്ചു.

### 2.1 ഖുർആൻ

ഒന്നാം തരത്തിൽ കിതാബായി തജ്‌വീദ് പഠിപ്പിക്കുതിന് പകരം പൂർണമായി നിയമാനുസൃത ഖിറാഅത്ത് മാത്രം പഠിപ്പിക്കുക. 2,3 ക്ലാസുകളിൽ കിതാബ് പഠിപ്പിക്കുക.

അഞ്ചാം തരത്തിൽ (تفسير الجلالين) ജലാലൈനിക്ക് പകരം യോജിച്ച തഫ്സീർ കണ്ടെത്തുക.

### 2.2 ഹദീസ്

ഖവാഇദുൽ അസാസിയ്യക്ക് (القواعد الأساسيّة)പകരം മുഖ്തസ്വറു രിയാളിസ്സ്വാലിഹീന്റെ (مختصر رياض الصالحين) ആമുഖം പരിഷ്കരിച്ച് മൂന്ന് വർഷങ്ങളിലായി പഠിപ്പിക്കുക.

### 2.3 ഫിഖ്ഹ്

മൂന്നാം ക്ലാസിൽ മത്നുൽഗായതി വത്തഖ്‌രീബ് ഒഴിവാക്കി (متن الغاية والتقريب) ഫത്ഹുൽ മുഈൻ (فتح المعين) പഠിപ്പിക്കുക. സീനിയർ സെക്കന്ററി അവസാന വർഷം മഹല്ലി (شرح المنهاج للمحلّي) ഒഴിവാക്കി ഫത്ഹുൽമുഈൻ തിരിച്ച് കൊണ്ടുവരിക.

### 2.4 തസവ്വുഫ്

മിൻഹാജുൽ ആബിദീൻ (منهاج العابدين) സീനിയർ സെക്കന്ററി അവസാന വർഷം മാത്രം പഠിപ്പിക്കുക.

### 2.5 മൻഥിഖ്

മൻഥിഖ് ഡിഗ്രിയിൽ മാത്രമായി ചുരുക്കുക. സീനിയർ സെക്കന്ററി അവസാന വർഷം മിർഖാത്ത് (مرقات) ഒഴിവാക്കുക.

### 2.6 അറബി ഭാഷ

രണ്ടാം ക്ലാസിൽ ദാറുൽഹുദാ തയ്യാറാക്കിയ ലുഗതീ അൽഅറബിയ്യ (لغتي العربية) പഠിപ്പിക്കുക.

നഹ്‌വുൽവാളിഹ് (النحو الواضح) സാനവിയ്യ 2,3 ഭാഗങ്ങൾ അഞ്ചാം തരത്തിൽതന്നെ തീർക്കുക. അൽഫിയയുടെ (ألفية ابن مالك) വർക് ബുക്കായി നഹ്‌വുൽ വാളിഹ് ഉപയോഗിക്കുക.

### 2.7 ഉർദു

നിയോസ് സീനിയർ സെക്കന്ററി ഇല്ലാതാവുന്നതോടെ ഒഴിവ് വരുന്ന പിരീഡുകളിൽ SCERT പ്ലസ് വൺ, പ്ലസ് ടു ഉർദു ടെക്സ്റ്റ് പുസ്തകങ്ങൾ പഠിപ്പിക്കുക.

### 2.8 ഇംഗ്ലീഷ്

നിയോസ് സീനിയർ സെക്കന്ററി ഇല്ലാതാവുന്നതോടെ ഒഴിവ് വരുന്ന പിരീഡുകളിൽ SCERT പ്ലസ് വൺ, പ്ലസ് ടു ഇംഗ്ലീഷ് ടെക്സ്റ്റ് പുസ്തകങ്ങൾ പഠിപ്പിക്കുക.

### 2.9 ടി ആന്റ് സി (Translation & Composition)

ഡിഗ്രി തലത്തിൽ ടി ആന്റ് സി ഒഴിവാകുന്നതിനാൽ പുതിയ രീതിയിൽ ടെക്സ്റ്റുകൾ തയ്യാറാക്കുക.

**2.10 സോഷ്യൽ സയൻസ്**

നിയോസ് സീനിയർ സെക്കന്ററി ഇല്ലാതാവുന്നതോടെ ഒഴിവ് വരുന്ന പിരീഡുകളിൽ SCERT പ്ലസ് വൺ, പ്ലസ് ടു ഹ്യൂമാനിറ്റീസ് ടെക്സ്റ്റ് പുസ്തകങ്ങൾ പഠിപ്പിക്കുക.

**2.11 ഐ.ടി**

ഡിഗ്രി തലത്തിൽ ഐ.ടി ഇല്ലാതാവുന്നതോടെ, സെക്കന്ററി ഒന്നാം തരം മുതൽ സീനിയർ സെക്കന്ററി അവസാനം വരെ ഐ.ടിക്ക് പിരീഡ് നൽകുക. പുതിയ കോഴ്സ് ഘടന രൂപീകരിക്കുക.

മേൽപറഞ്ഞ നിർദേശങ്ങൾക്ക് യോഗം അംഗീകാരം നൽകി.

നേരത്തേ സെക്കന്ററിയും ഹയർ സെക്കന്ററിയും (10+2) ഇല്ലാത്തതിന്റെ പ്രയാസങ്ങൾ അംഗങ്ങൾ ചർച്ച ചെയ്തു. അധ്യപക ജോലികളിലും ഉന്നത പഠന മേഖലകളിലും വിദ്യാർഥികൾ പ്രയാസങ്ങൾ അനുഭവിച്ചിരുന്നുവെന്നും, പലപ്പോഴും കോടതി ഇടപെട്ടും, ഡിഗ്രി കഴിഞ്ഞതിന് ശേഷം സെക്കന്ററി പരീക്ഷ എഴുതിയുമായിരുന്നു ഇത് പരിഹരിച്ചിരുന്നതെന്നും ചിലയിടങ്ങളിൽ നിയോസ് സർട്ടിഫിക്കറ്റ് സ്വീകരിക്കാത്ത സാഹചര്യം ഉണ്ടെന്നും അംഗങ്ങൾ പറഞ്ഞു.

സിലബസ് ചർച്ച ചെയ്യുന്നതിന് മുമ്പ് അംഗങ്ങൾക്ക് സിലബസ് വിതരണം ചെയ്താൽ വേണ്ടത്ര മുന്നൊരുക്കത്തോടെ പങ്കെടുക്കാൻ കഴിയുമെന്ന് ഡോ. അബ്ദുർറഹ്മാൻ സർ അറിയിച്ചു.

സിലബസ് അമിതഭാരമാണെന്നും, അധ്യാപകർക്ക് പെഡഗോഗി പരിശീലനം കുറവാണെന്നും രക്ഷിതാക്കൾ പരാതി പറഞ്ഞിരുന്നതായി ദാറുൽഹുദാ സ്ഥാപനങ്ങളിലെ ഇൻസ്പെക്ഷൻ സമയത്ത് അനുഭവമുള്ളത് ഇബ്രാഹീം കുട്ടി സർ പറഞ്ഞു. കിതാബുകൾ പഠിപ്പിക്കുന്ന ശൈലിയിൽ പൊതു വിഷയങ്ങൾ ക്ലാസെടുക്കുമ്പോഴുള്ള പ്രശ്നമാണിതെന്ന് ശാഹുൽഹമീദ് മാസ്റ്റർ മേൽമുറി അഭിപ്രായപ്പെട്ടു.

പി.ജി വിദ്യാർഥികൾക്ക് കോഴ്സിനിടക്ക് പെഡഗോഗി ക്ലാസുകൾ നൽകണം. ഇത് സിപെറ്റിന് കീഴിൽ സർട്ടിഫിക്കറ്റ് കോഴ്സായി നടത്താവുന്നതാണെന്ന് ഹാരിസ് ഹുദവി നിർദേശിച്ചു. ജനറൽ ട്രെയ്നിംഗ് നൽകുന്നതിന് പുറമേ വിഷയങ്ങൾക്കനുസരിച്ച് പ്രത്യേക പരിശീലന പരിപാടികൾ നടത്തണം. സ്കൂളുകളിൽ ക്ലസ്റ്റർ സംവിധാനം ഉപയോഗിച്ച് മൂന്ന്-നാല് മാസങ്ങളിലൊരിക്കൽ വിഷയങ്ങളുടെ മീറ്റിംഗ് കൂടുകയും, അതത് മാസങ്ങളിലെ പാഠ്യഭാഗങ്ങളിലെ ഹാർഡ് സ്പോട്ടുകൾ അധ്യാപകർ പരസ്പരം ക്ലാസെടുക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളതെന്ന് ഇബ്രാഹീം കുട്ടി സർ സൂചിപ്പിച്ചു. ദാറുൽഹുദാ സ്ഥാപനങ്ങളെ വിവിധ ക്ലസ്റ്ററുകളായി രൂപപ്പെടുത്തി പി.എൽ.സി (Professional Learning Community) രൂപീകരിച്ചിട്ടുണ്ടെന്നും, പി.എൽ.സികളെ ഇത്തരത്തിൽ ഉപയോഗിക്കാമെന്നും രജിസ്ട്രാർ വിശദീകരിച്ചു. ഇൻ-സർവീസ് ട്രെയ്നിംഗ് പ്രോഗ്രാമുകളായി സംഘടിപ്പിക്കുന്നതാണ് ഉചിതമെന്ന് ശാഹുൽ ഹമീദ് മാസ്റ്റർ അഭിപ്രായപ്പെട്ടു.

പുതുതായി ഉൾപെടുത്തിയ ഹിന്ദി പഠിപ്പിക്കാനാവശ്യമായ പാഠപുസ്തകം എൻ.സി.ആർ.ടിയുടേതോ, കൊർദോബ പബ്ലിക്കേഷൻസ് പോലുള്ള സ്വകാര്യ പ്രസാധകരുടേതോ സ്വീകരിക്കാമെന്ന് യോഗം വിലയിരുത്തി.

**3. പരീക്ഷാ മാനദണ്ഡം**

നിലവിലെ പരീക്ഷാ വിജയ/പ്രൊമോഷൻ മാനദണ്ഡം കൺട്രോളർ പി.കെ അബ്ദുന്നാസിർ ഹുദവി അവതരിപ്പിച്ചു. പ്രസ്തുത മാനദണ്ഡം തുടരാൻ ധാരണയായി. ഡിഗ്രി അവസാന വർഷത്തെ വൈവ വിദ്യാർഥികൾക്ക് ഭയമാണെന്നും ചെറിയ ക്ലാസുകളിൽ വൈവ ഉൾപെടുത്തി അത് പരിഹരിക്കണമെന്നും ഇബ്രാഹീം കുട്ടി സർ ആവശ്യപ്പെട്ടു. നിലവിൽ സെക്കന്ററി

അവസാന വർഷം ചെറിയ രീതിയിലും, സീനിയർ സെക്കന്ററി അവസാന വർഷം കൂടുതൽ പ്രാധാന്യത്തോടെയും വൈവ നടത്തപ്പെടുന്നുണ്ടെന്ന് കൺട്രോളർ മറുപടി പറഞ്ഞു.

അസസ്മെന്റുകളിൽ ടാക്സോണമി പരിഗണിച്ച് ചോദ്യപ്പേപ്പർ തയ്യാറാക്കണമെന്ന് ഹാരിസ് ഹുദവി മടപ്പള്ളി ആവശ്യപ്പെട്ടു. ക്വസ്റ്റൻ പേപ്പർ ബ്ലൂ പ്രിന്റും കൃത്യമായ റൂബ്രിക്സും തയ്യാറാക്കി മാത്രമേ ചോദ്യപ്പേപ്പർ നിർമിക്കാവൂ എന്നും ഓരോ വിഷയത്തിന്റെയും ലേണിംഗ് ഔട്ട്കം സെറ്റ് ചെയ്ത് അവയെ ഇവാലേറ്റ് ചെയ്യുകയാണ് വേണ്ടത് എന്നും യോഗം വിലയിരുത്തി. ചോദ്യപ്പേപ്പർ നിർമാണ കാമ്പയിൻ (ഇവാലേഷൻ ടൂൾ വർക്ഷോപ്പ്) സംഘടിപ്പിക്കണമെന്നും ക്വസ്റ്റൻ ബാങ്ക് തയ്യാറാക്കി അതിൽനിന്നുള്ള ചോദ്യങ്ങൾ പരീക്ഷകൾക്ക് ഉപയോഗിക്കാമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. സ്കൂളുകളിൽ നാല് ദിന ക്യാമ്പുകളാണ് ഉണ്ടാകാറുള്ളതെന്ന് അബ്ദുല്ല ഹുദവി അറിയിച്ചു.

**4. സി.സി.ഇ**

വിദ്യാർഥികളുടെ കൃത്യമായ വിലയിരുത്തൽ നടത്തേണ്ടത് തുടർ മൂല്യനിർണയം (സി.സി.ഇ) വഴിയാണെന്ന് അംഗങ്ങൾ നിർദേശിച്ചു. സി.സി.ഇ സംവിധാനം വിജയിപ്പിക്കുന്നതിൽ കൃത്യമായ അസസ്മെന്റ് ടൂളുകളും അധ്യാപകരുടെ മികച്ച നിരീക്ഷണവും നിർബന്ധമാണെന്നും ക്ലാസ് അധ്യാപകർക്ക് കീഴിൽ സ്റ്റുഡന്റ്സ് പോർട്ട്ഫോളിയോ സംവിധാനിക്കുകയും സി.സി.ഇ ആക്ടിവിറ്റികൾ അതിൽ ഉൾപെടുത്തുകയും ചെയ്യണമെന്നും യോഗം വിലയിരുത്തി. ഓരോ വിഷയത്തിലുമുള്ള കഴിവിനേക്കാൾ വിദ്യാർഥിയുടെ ആകെയുള്ള കഴിവിനെയാണ് സി.സി.ഇ മാർക്കിടുന്നതെന്ന് ഹാരിസ് ഹുദവി മടപ്പള്ളി അഭിപ്രായപ്പെട്ടു.

ആക്ടിവിറ്റികൾ വിദ്യാർഥികൾക്ക് അമിത ഭാരം ആവാതിരിക്കാൻ ക്ലാസ് അധ്യാപകന് കീഴിൽ മുഴുവൻ വിഷയങ്ങളും പഠിപ്പിക്കുന്നവരുടെ യോഗം ചേർന്ന് ഏതെല്ലാം വിഷയത്തിന്, ഏതെല്ലാം രീതിയിൽ എന്നൊക്കെ വർക്കുകൾ നൽകാം എന്ന് തീരുമാനിക്കണമെന്നും മുഴുവൻ വിഷയങ്ങളിലും സി.സി.ഇ നടപ്പാക്കാതെ, പ്രധാന വിഷയങ്ങളിൽ മാത്രം നടപ്പാക്കിയാൽ മതി എന്നും ധാരണയായി.

**5. ലേണിംഗ് ഔട്ട്കം**

സെക്കന്ററി, സീനിയർ സെക്കന്ററി ക്ലാസുകളിലെ വിഷയങ്ങളുടെ ലേണിംഗ് ഔട്ട്കം സെറ്റ് ചെയ്യുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. നിലവിൽ, മിക്ക വിഷയങ്ങളുടെയും ഔട്ട്കം വളരെ ചുരുങ്ങിയ രീതിയിൽ സിലബസ് പുസ്തകത്തിൽ തന്നെ പരാമർശിച്ചിട്ടുണ്ടെങ്കിലും അവ ഒന്നുകൂടി ചർച്ച ചെയ്ത് വിശദമായ ഔട്ട്കം തയ്യാറാക്കേണ്ടതുണ്ടെന്ന് രജിസ്ട്രാർ ആവശ്യപ്പെട്ടു. വിവിധ കരിക്കുലം കമ്മറ്റികളുടെ പ്രതിനിധികളുൾപെടുന്ന കരിക്കുലം ഡവലപ്മെന്റ് വർക്ഷോപ്പിലൂടെ മാത്രമേ ഇവ പൂർത്തീകരിക്കാനാവൂ എന്ന് യോഗം വിലയിരുത്തി.

നല്ല ചർച്ചകളും മികച്ച അഭിപ്രായങ്ങളുമായിരുന്നു യോഗത്തിലുണ്ടായതെന്ന് ബോർഡ് ഡയറക്ടർ ഡോ. അബ്ദുർറഹ്മാൻ സർ വിലയിരുത്തി.

വൈകീട്ട് 4 മണിക്ക് യോഗ നടപടികൾ സമാപിച്ചു.

DARUL HUDA ISLAMIC UNIVERSITY
KERALA, INDIA
676 306
CHEMMAD, MALAPPURAM

**Prepared by:**

M.K.M Jabirali Hudawi
(Registrar, DHIU)